**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 153** **01-07-2026-ൽ മറുപടിയ്ക്ക്**

## <u>ആരോഗ്യകേരളത്തിനായി നടപടികൾ</u>

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീ. ജി. ആർ. അനിൽ

ശ്രീ. പി. പ്രസാദ്

ശ്രീ. ഗോവിന്ദൻ പള്ളിക്കാപ്പിൽ

ശ്രീ. മുഹമ്മദ് മുഹസിൻ

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കെ. മുരളീധരൻ

(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

**(എ)** നിപ അടക്കമുള്ള അപകടകരമായ രോഗങ്ങൾ വീണ്ടും റിപ്പോർട്ട് ചെയ്തിരിക്കുകയാണെന്നതും നിപയ്ക്കൊപ്പം ഷിഗെല്ല, ഡെങ്കി തുടങ്ങിയവയും വ്യാപകമായിട്ടുണ്ട് എന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

**<u>മറുപടി:</u>** സംസ്ഥാനത്ത് 2026-ൽ 1 നിപ കേസാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. ഈ വർഷം ജൂൺ 23 വരെ, 241 സ്ഥിരീകരിച്ച ഷിഗെല്ലോസിസ് കേസുകളും 15882 ഡെങ്കി കേസുകളും റിപ്പോർട്ട് ചെയ്തിട്ടുണ്ടെങ്കിലും ശക്തമായ രോഗനിരീക്ഷണ ശൃംഖലയിലൂടെയും, രോഗ പ്രതിരോധ പ്രവർത്തനങ്ങളിലൂടെയും ഈ പകർച്ചവ്യാധികളെ നിയന്ത്രണ വിധേയമാക്കുന്നതിന് സാധിച്ചിട്ടുണ്ട്.

**(ബി)** അനാരോഗ്യകരമായ ഭക്ഷണശീലം, ശരിയായ വ്യായാമത്തിന്റെ അഭാവം, രോഗപ്രതിരോധശേഷിയിലുണ്ടായ കുറവ്, ജലസ്രോതസുകൾ ഉൾപ്പെടെയുള്ളവയുടെ മലിനീകരണം, കീടനാശിനികളുടെയും രാസവളങ്ങളുടെയും അശാസ്ത്രീയമായ ഉപയോഗം തുടങ്ങി ഒട്ടേറെ കാരണങ്ങൾ കേരളീയരുടെ ആരോഗ്യത്തെ തകർക്കുന്നതിന് കാരണമായെന്ന് വിദഗ്ധർ ചൂണ്ടിക്കാട്ടിയിട്ടുള്ളത് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

**<u>മറുപടി:</u>** അനാരോഗ്യകരമായ ഭക്ഷണശീലം, ശാരീരിക വ്യായാമത്തിന്റെ അഭാവം, പുകയില-മദ്യപാനം, മാനസിക സമ്മർദ്ദം, ജലസ്രോതസുകളുടെ ഉൾപ്പെടെയുള്ള പരിസ്ഥിതി മലിനീകരണം, കീടനാശിനികളുടെയും രാസവളങ്ങളുടെയും അശാസ്ത്രീയ ഉപയോഗം തുടങ്ങിയവ കേരളീയരുടെ ആരോഗ്യത്തെ പ്രതികൂലമായി ബാധിക്കുന്നതായി പഠനങ്ങൾ വ്യക്തമാക്കിയിട്ടുണ്ട്.

ഇവയുടെ ഫലമായി ജീവിതശൈലീ രോഗങ്ങൾ വർദ്ധിക്കുകയും, മനുഷ്യ ശരീരത്തിന്റെ രോഗപ്രതിരോധ സംവിധാനം ദുർബലപ്പെടുന്നതുവഴി അണുബാധകളെ പ്രതിരോധിക്കാനുള്ള ശേഷി കുറയുകയും ചെയ്യുന്നു.

ആയത് നിയന്ത്രിക്കുന്നതിനായി, ആരോഗ്യകരമായ ഭക്ഷണശീലങ്ങൾ പ്രോത്സാഹിപ്പിക്കൽ, സ്ഥിരമായ ശാരീരിക പ്രവർത്തനം ഉറപ്പാക്കൽ, പുകയില-മദ്യ ഉപയോഗം കുറയ്ക്കൽ, പരിസ്ഥിതി സംരക്ഷണം ശക്തിപ്പെടുത്തൽ, സുരക്ഷിത കുടിവെള്ള ലഭ്യത ഉറപ്പാക്കൽ, രോഗങ്ങളുടെ നേരത്തേയുള്ള കണ്ടെത്തലും തുടർച്ചയായ നിയന്ത്രണവും ഉറപ്പുവരുത്തൽ എന്നിങ്ങനെ രോഗ

വ്യാപനം കുറയ്ക്കുന്നതിനും രോഗ പ്രതിരോധശേഷി വർദ്ധിപ്പിക്കുന്നതിനും ഊന്നൽ നൽകിക്കൊണ്ടുള്ള പ്രവർത്തനങ്ങൾ ബന്ധപ്പെട്ട വകുപ്പുകളെയും സ്ഥാപനങ്ങളെയും ഏകോപിപ്പിച്ചുകൊണ്ട് സർക്കാർ നടത്തിവരുന്നു.

**(സി)** മഴക്കാല പൂർവ്വ ശുചീകരണം, പകർച്ചവ്യാധി പ്രതിരോധ നടപടികൾ എന്നിവയിൽ ഈ സർക്കാരിന്റെ കാലയളവിൽ വീഴ്ച്ചകൾ സംഭവിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് ആവർത്തിക്കാതിരിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

**മറുപടി:** മഴക്കാല പൂർവ്വ ശുചീകരണം, പകർച്ചവ്യാധി പ്രതിരോധ നടപടികൾ എന്നിവയിൽ ഈ സർക്കാരിന്റെ കാലയളവിൽ വീഴ്ച്ചകൾ സംഭവിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ പകർച്ചവ്യാധി വ്യാപനം തടയുന്നതിനായി മഴക്കാല മുന്നൊരുക്ക പ്രവർത്തനങ്ങളും അവയുടെ വിവിധ തലങ്ങളിലുള്ള വിലയിരുത്തലും ചുവടെ ചേർക്കും പ്രകാരം നടന്നിട്ടുണ്ട്.

- 23-05-2026 തീയതിയിൽ മന്ത്രിതലത്തിൽ അവലോകനയോഗം ചേർന്ന് ആവശ്യമായ നിർദ്ദേശങ്ങൾ ബന്ധപ്പെട്ടവർക്ക് നൽകി.
- 30-05-2026 തീയതിയിൽ ബഹു. മുഖ്യമന്ത്രിയുടെ അവലോകന യോഗത്തിൽ പ്രവർത്തനങ്ങൾ വിലയിരുത്തി.
- 16-06-2026 തീയതിയിൽ മന്ത്രിതലത്തിൽ നടത്തിയ അവലോകന യോഗത്തിലെ തീരുമാന പ്രകാരം, കേരളത്തിൽ മഴക്കാലത്തും വേനൽക്കാലത്തും ആവർത്തിച്ചുവരുന്ന പകർച്ചവ്യാധികളെക്കുറിച്ച് ശാസ്ത്രീയമായി പഠിക്കാനും കൃത്യമായ പ്രതിരോധ മാർഗ്ഗങ്ങൾ നിർദ്ദേശിക്കാനുമായി സർക്കാർ-സ്വകാര്യ മേഖലകളിലെ പ്രഗത്ഭരായ ഡോക്ടർമാരെയും അനുബന്ധ വകുപ്പുകളിലെ ഉദ്യോഗസ്ഥരെയും ഉൾപ്പെടുത്തി സംസ്ഥാനതലത്തിലും ജില്ലാതലത്തിലും സ്ഥാപനതലത്തിലുമുള്ള സമിതികൾ രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്.
- 17-06-2026 തീയതിയിൽ പ്രിൻസിപ്പൽ സെക്രട്ടറി (ആരോഗ്യം), അഡീഷണൽ സെക്രട്ടറി (ആരോഗ്യം), സംസ്ഥാന തല ഉദ്യോഗസ്ഥർ, ജില്ലാ കളക്ടർമാർ, ജില്ലാ മെഡിക്കൽ ഓഫീസർമാർ, ജില്ലാ സർവലൈൻസ് ഓഫീസർമാർ എന്നിവരെ പങ്കെടുപ്പിച്ചുകൊണ്ട് നടത്തിയ അവലോകന യോഗത്തിൽ, ജില്ലാ തലത്തിൽ നടത്തിയ പകർച്ച വ്യാധി പ്രതിരോധ പ്രവർത്തനങ്ങളുടെ വിശദമായ അവലോകനം നടന്നു. തുടർന്ന് ജില്ലാതലത്തിൽ വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചു കൊണ്ടു പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുവാനും ആഴ്ചതോറും ജില്ലാ തലത്തിൽ ഈ പ്രവർത്തനങ്ങൾ അവലോകനം ചെയ്യുവാനും നിർദ്ദേശം നൽകി.
- 2026 ജൂൺ 20-ന് ചേർന്ന സംസ്ഥാനതല വിദഗ്ധ ഉപദേശക സമിതി യോഗത്തിൽ സംസ്ഥാനത്തെ പകർച്ചവ്യാധി തയ്യാറെടുപ്പ്, പ്രതിരോധം, നിരീക്ഷണം, നിയന്ത്രണ നടപടികൾ എന്നിവ സംബന്ധിച്ച് വിശദമായ ചർച്ചകൾ നടത്തുകയും പൊതുജനങ്ങൾ, ആരോഗ്യ പ്രവർത്തകർ, മെഡിക്കൽ വിദഗ്ധർ, സന്നദ്ധ സംഘടനകൾ, മറ്റ് ബന്ധപ്പെട്ട കക്ഷികൾ എന്നിവരിൽ നിന്ന് നിർദേശങ്ങളും അഭിപ്രായങ്ങളും ശുപാർശകളും സ്വീകരിക്കുകയും ചെയ്തു.
- വെള്ളിയാഴ്ച സ്കൂളുകളിലും, ശനിയാഴ്ച ഓഫീസുകളിലും, ഞായറാഴ്ച വീടുകളിലും സംസ്ഥാന തലത്തിൽ ഡെങ്കിപ്പനിക്കെതിരെ വ്യാപകമായി ഉറവിട നശീകരണ ക്യാമ്പയിൻ വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് നടത്തിവരുന്നു.
- സീസണൽ രോഗങ്ങൾ പൊട്ടിപ്പുറപ്പെടുന്നത് തടയുന്നതിനായി മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള എല്ലാ സ്ഥാപന കാമ്പസുകളിലും ഒപ്റ്റിമൽ ശുചിത്വം, ഫലപ്രദമായ മാലിന്യ സംസ്കരണം, രോഗാണുക്കളുടെ പ്രജനന കേന്ദ്രങ്ങൾ ഇല്ലാതാക്കൽ എന്നിവ ഉറപ്പാക്കുന്നതിനായി "തുടക്കം" എന്ന പേരിൽ ശുചിത്വ പരിപാടി ആരംഭിച്ചു.

**(ഡി)** സംസ്ഥാനത്ത് കോളറ ബാധ സ്ഥിരീകരിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ ഗൗരവം പരിശോധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

**മറുപടി:** 2026-ൽ സംസ്ഥാനത്ത് ഇതുവരെ കോളറ ബാധ സ്ഥിരീകരിച്ചിട്ടില്ല. എന്നാൽ, കോളറ ഉൾപ്പെടെയുള്ള ജലജന്യരോഗങ്ങളെ പ്രതിരോധിക്കുന്നതിനായി, സ്കൂളുകൾ, അംഗനവാടികൾ, കല്യാണ മണ്ഡപങ്ങൾ, കൺവെൻഷൻ ഹാൾ, കാറ്ററിങ് യൂണിറ്റുകൾ, വിവിധ ആഘോഷങ്ങളുമായി ബന്ധപ്പെട്ട് പൊതുജനങ്ങൾ എത്തുന്നയിടങ്ങൾ എന്നിവ കേന്ദ്രീകരിച്ച് ശുദ്ധജലത്തിന്റെ ലഭ്യത, ഗുണനിലവാരം എന്നീ വിഷയങ്ങളിൽ ബോധവൽക്കരണം, കുടിവെള്ളത്തിന്റെ ഗുണനിലവാര പരിശോധന എന്നിവ നടത്തിവരുന്നു. ജൂൺ 15 മുതൽ ജൂലൈ 31 വരെ 'സ്റ്റോപ്പ് ഡയറിയ' ക്യാമ്പയിൻ "വയറിളക്ക രോഗങ്ങൾ തടയാം ജീവൻ രക്ഷിക്കാം" എന്ന ആപ്തവാക്യത്തോടെ സംസ്ഥാനത്ത് ഉടനീളം നടപ്പാക്കുന്നുണ്ട്. കിണറുകൾ ക്ലോറിനേറ്റ് ചെയ്യുക, തിളപ്പിച്ചാറിയ വെള്ളം മാത്രം കുടിക്കാനുപയോഗിക്കുക, ഭക്ഷണത്തിനു മുൻപും ശുചിമുറി ഉപയോഗത്തിന് ശേഷവും കൈകൾ സോപ്പും വെള്ളവും ഉപയോഗിച്ച് കഴുകുക, ആറുമാസം വരെ കുഞ്ഞിന് മുലപ്പാൽ മാത്രം നൽകുക, കുഞ്ഞുങ്ങൾക്ക് സർക്കാർ പട്ടിക പ്രകാരമുള്ള എല്ലാ വാക്സിനുകളും കൃത്യമായി നൽകുക, മാലിന്യങ്ങൾ ശാസ്ത്രീയമായ രീതിയിൽ നിർമ്മാർജ്ജനം ചെയ്യുക തുടങ്ങിയ സന്ദേശങ്ങൾ സമൂഹത്തിൽ ഫലപ്രദമായി നടപ്പാക്കുകയാണ് പ്രസ്തുത ക്യാമ്പെയിൻ കൊണ്ട് ലക്ഷ്യമിടുന്നത്.

**സെക്ഷൻ ഓഫീസർ**